**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2338

13.2.2013 ൽ മറുപടിയ്ക്ക്

**മോട്ടോർ വാഹന വകുപ്പിൽ പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം**

ചോദ്യം

ശ്രീ. ടി. വി. രാജേഷ് :

ഉത്തരം

ശ്രീ.ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിൽ പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കണമെന്ന റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | മോട്ടോർ വാഹന വകുപ്പിൽ നിലവിലുണ്ടായിരുന്ന എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കു പുറമേ 17 പുതിയ സ്ക്വാഡുകൾ കൂടി അനുവദിച്ചു കൊണ്ട് 12.12.2011 ലെ സ.ഉ (എം.എസ്) 70/11/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുമായി എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തണമെന്ന് സി.ആന്റ് എ.ജി. റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ഉണ്ട് . ഇതു പ്രകാരം പുതിയ 17 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ കൂടി മോട്ടോർ വാഹന വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | മോട്ടോർ വാഹന വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**